ഭരണഭാഷ — മാതൃഭാഷ

നമ്പർ. ബി1/21650/റ്റി.സി/2012.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 14.10.2014

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും (ചെക്ക് പോസ്റ്റ്)

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എസ്കവേറ്റർ, റിഗ്, ജനറേറ്റർ, കമ്പ്രസർ പോലുള്ള ഉപകരണങ്ങൾ ഘടിപ്പിച്ച വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് ഉപയോഗിക്കുന്നത് — സംബന്ധിച്ച്

സൂചന :-
1. ബി1/21650/റ്റി.സി/12 നമ്പർ പ്രകാരം 01/08/2013 ലെ കത്ത്
2. ബി1/21650/റ്റി.സി/12 നമ്പർ പ്രകാരം 23/10/2013 ലെ കത്ത്
3. ആൾ കേരള ബോർവെൽ ഡ്രില്ലിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷന്റെ പരാതി

അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്ന റിഗ്, കംപ്രസർ, ജനറേറ്റർവാൻ, കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വെഹിക്കിൾ തുടങ്ങിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് സംസ്ഥാനത്ത് പല ഭാഗങ്ങളിലും പലതരത്തിലുള്ള നികുതിയാണ് സ്വീകരിയ്ക്കുന്നതെന്നും താത്ക്കാലിക ആവശ്യങ്ങൾക്കുമാത്രം സംസ്ഥാനത്ത് വരുന്ന ഇത്തരം വാഹനങ്ങളിൽ നിന്നും ചില റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ലൈഫ് ടൈം ടാക്സ് ആവശ്യപ്പെടുന്നുവെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനകത്ത് താത്ക്കാലിക ആവശ്യങ്ങൾക്കായി പ്രവേശിക്കുന്ന റിഗ്, കംപ്രസർ, ജനറേറ്റർ വാൻ എന്നീ വാഹനങ്ങൾക്ക് ടാക്സേഷൻ ആക്ടിലെ ഷെഡ്യൂൾ 13(1) പ്രകാരമുള്ള നിരക്കിൽ മാത്രമേ ത്രൈമാസ നികുതി ഈടാക്കുവാൻ പാടുള്ളൂ. അതായത് മേൽ വിഭാഗത്തിലുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 1000

രൂപയും മീഡിയം വാഹനങ്ങൾക്ക് 1500 രൂപയും ഹെവി വാഹനങ്ങൾക്ക് 2000 രൂപയുമാണ് ത്രൈമാസ നികുതി. ഈ വാഹനങ്ങൾ കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വെഹിക്കിൾ എന്ന വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ ഇവയിൽ നിന്നും ലൈഫ് ടൈം ടാക്സ് ഈടാക്കുവാൻ പാട്ടുള്ളതല്ല. എന്നാൽ മേൽ വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവേശിച്ച് ഒരു വർഷം കഴിഞ്ഞും അതിന്റെ പ്രവർത്തനം തുടരുകയാണെങ്കിൽ 1988 -ലെ മോട്ടോർ വെഹിക്കിൾസ് ആക്ട് സെക്ഷൻ 47 അനുസരിച്ച് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുവാൻ ആവശ്യപ്പെടേണ്ടതാണ്.

അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്ന കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വെഹിക്കിൾസിന് ടാക്സേഷൻ ഷെഡ്യൂളിലെ സീരിയൽ നമ്പർ 10(iii) പ്രകാരമുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ 1 വർഷത്തെ നികുതി ഈടാക്കാവുന്നതാണ്. ഇത്തരം വാഹനങ്ങളിൽ നിന്ന് ലൈഫ് ടൈം ടാക്സ് സ്വീകരിയ്ക്കുവാൻ പാട്ടുള്ളതല്ല. എന്നാൽ ഈ വാഹനങ്ങൾ ഒരു വർഷത്തിൽ കൂടുതലായി സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി വാഹനങ്ങളെ സംസ്ഥാനത്തിനകത്ത് രജിസ്റ്റർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും (Sec.47 of MV Act 1988) 01/04/2010 ന് ശേഷം രജിസ്റ്റർ ചെയ്ത മേൽത്തരം വാഹനങ്ങളിൽ നിന്നും ഒറ്റത്തവണ നികുതി സ്വീകരിയ്ക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Stephen

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

15/10/14